മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

എറണാകുളം

കൂവപ്പടി ബ്ലോക്ക്
വേങ്ങൂർ പഞ്ചായത്ത്
വാർഡ്- 11 - ചൂരത്തോട്
സോഷ്യൽ ഓഡിറ്റ് കാലയളവ് :1/10/2018 to 31/3/2019
റിപ്പോർട്ട് തയ്യാറാക്കിയത് : മരിയ മോൾ സ്റ്റീഫൻ
ബി.ആർ. പി. കൂവപ്പടി
സോഷ്യൽ ഓഡിറ്റ് യൂണിറ്റ്
തിരുവനന്തപുരം

ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.

Sl no	**അവകാശങ്ങൾ**	
1	തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം	**ഷെഡ്യൂൾ 2**
2	തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം	**ഷെഡ്യൂൾ 1 & ഷെഡ്യൂൾ**
3	15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം	**സെഷൻ 7,8,9**
4	എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം.	
5	താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം.	**ഷെഡ്യൂൾ 2പാരഗ്രാഫ് 18 & പാരഗ്രാഫ് 20**
6	കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം.	**ഷെഡ്യൂൾ**2 **പാരഗ്രാഫ്** 23-28

7	സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം.	**സെഷൻ3(2),6, sch 2 ,29,a,b,c,d,e,f.30**
8	തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം	
9	15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം	**സെഷൻ 3(3)**
10	പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം.	**സെഷൻ 19, & സെഷൻ 17(2)**

അവകാശ അധിഷ്ഠിത നീരിക്ഷണങ്ങൾ

- തൊഴിൽ കാർഡിന് വേണ്ടിയുള്ള ഫോട്ടോകൾ തൊഴിലാളികൾ സ്വന്തം ചിലവിലാണ് നൽകുന്നത്.
- ഡിമാൻഡ് നൽകിയതിന് ശേഷം 15 ദിവത്തിനകം തൊഴിൽ അനുവദിച്ചിട്ടില്ല .എന്നാണ് ഡിമാൻഡ് നൽകിയത്, എന്ന് മുതൽ എന്ന് വരെ വേണം എന്നുള്ള വിവരങ്ങൾ ഫോമിൽ എന്നിവ ഡിമാൻഡ് ഫോമിൽ കൃത്യമായി എഴുതിയിട്ടില്ല .രസീത് ഡിമാന്റിനൊപ്പം ഫയലിൽ ഉണ്ട് അതിനാൽ രസീത് തിരികെ നൽകിയിട്ടില്ല.
- ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.

- തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.
- തൊഴിലിടങ്ങളിൽ പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം എന്നിവയില്ല. തണൽ സൗകര്യം ഉണ്ട്.
- ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.
- തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞട്ടില്ല.

സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

1. ബ്ലോക്ക് തലത്തിലും ഗ്രാമപഞ്ചായത്തു തലത്തിലും പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക്ഓഫീസർ (BDO), പഞ്ചായത്ത്തു സെക്രട്ടറി, മറ്റ് നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ബ്ലോക്ക് റിസോഴ്സ് പേഴ്സൺ നടത്തിയ കൂടിയാലോചനയിൽ ഉരുത്തിരിഞ്ഞതിനനുസരിച്ച് തുടർപ്രക്രിയകൾ ആസൂത്രണം ചെയ്യുകയും സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭാ തീയതി നിശ്ചയിക്കുകയും ചെയ്യുന്നു.
2. കഴിഞ്ഞ 6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ , MIS എന്നിവ പരിശോധിക്കൽ
3. പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
4. ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു, തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .

5. വിവരശേഖരണാർത്ഥം പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, ഓഫീസിലെ ജീവനക്കാർ, ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരെ അഭിമുഖങ്ങൾക്കും ചർച്ചകൾക്കും ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷനും വിധേയമാക്കി.
6. ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ

വേങ്ങൂർ ഗ്രാമ പഞ്ചായത്ത് പൊതുവിവരങ്ങൾ

വിവരങ്ങൾ	ജില്ലാ തലം	ബ്ലോക്ക് തലം	പഞ്ചായത്ത് തലം
സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ	59.06	554580	**1,01,366**
കുടുംബാംഗങ്ങൾക്ക് നൽകിയിരിക്കുന്ന ശരാശരി തൊഴിൽ ദിനങ്ങള്	71.79	55.91	**46.46**
100 ദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങൾ	2454	1644	**166**
ആകെ തൊഴിൽ എടുത്ത കുടുംബങ്ങൾ	0.94	11233	**2,182**
ആകെ തൊഴിൽ ദിനങ്ങൾ എസ്.സി തൊഴിലാളികൾക്ക് ശതമാനത്തിൽ	19.32	15.38	**12.98**
ആകെ തൊഴിൽ ദിനങ്ങൾ എസ്.റ്റി തൊഴിലാളികൾക്ക് ശതമാനത്തിൽ	1.61	2.84	**15.19**

പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ

ക്രമ നമ്പർ	പ്രവർത്തിയുടെ കോഡ്	പ്രവർത്തിയുടെ പേര്
1	1608004006/IC/322339	Ward 11 പ്രളയവുമായി ബന്ധപ്പെട്ട് ചൂത്തോട് വാർഡിലെ തോടുകൾ മണ്ണ് നീക്കം ചെയ്ത് നവീകരണം 1
2	1608004006/IC/322340	Ward 11 പ്രളയവുമായി ബന്ധപ്പെട്ട് ചൂത്തോട് വാർഡിലെ തോടുകൾ മണ്ണ് നീക്കം ചെയ്ത് നവീകരണം 2
4	1608004006/IF/372084	ward 11 കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന ഭവന നിർമ്മാണ പദ്ധതിയിലെ അവിദഗ്ധ തൊഴിൽഘടകം 1- അമ്മു മണി
5	1608004006/IF/381891	Ward 11 കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന ഭവന നിർമ്മാണ പദ്ധതിയിലെ അവിദഗ്ധ തൊഴിൽഘടകം- സജി ജോസഫ്
6	1608004006/IF/381892	Ward 11 കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന ഭവന നിർമ്മാണ പദ്ധതിയിലെ അവിദഗ്ധ തൊഴിൽഘടകം- സിബിൽ എസ്.
7	1608004006/IF/373212	ward 11 കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന ഭവന നിർമ്മാണ പദ്ധതിയിലെ അവിദഗ്ധ തഴിൽഘടകം 3- മറിയക്കുട്ടി മത്തായി
8	1608004006/IF/381893	Ward 11 കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന ഭവന നിർമ്മാണ പദ്ധതിയിലെ അവിദഗ്ധ തൊഴിൽഘടകം - ഓമന കുട്ടപ്പൻ
9	1608004006/IC/317920	Ward 11 കനാൽ പാലം മുതൽ കയ്യാണി വരെ കനാൽ പുനരുദ്ധാരണം (ആദ്യ 500 മീ.)
10	1608004006/IC/317921	Ward 11 കനാൽ പാലം മുതൽ കയ്യാണി വരെ കനാൽ പുനരുദ്ധാരണം (500 മീ. മുതൽ 1000 മീ. വരെ)
11	1608004006/IC/317922	Ward 11 കനാൽ പാലം മുതൽ കയ്യാണി വരെ കനാൽ പുനരുദ്ധാരണം (1000 മീ. മുതൽ 1500 മീ. വരെ)
12	1608004006/IC/317923	Ward 11 കനാൽ പാലം മുതൽ കയ്യാണി വരെ കനാൽ പുനരുദ്ധാരണം (1500 മീ. മുതൽ 2000 മീ.

		വരെ)

ഫയൽ പരിശോധന

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യുന്ന ഓരോ വർക്കിനും പ്രത്യേകം ഫയൽ സൂക്ഷിക്കേണ്ടതാണ്. അതിൽ ഓരോ ഫയലിനും 22 ഡോകുമെന്റ്സ് ഉണ്ടായിരിക്കണം. ഈ 22 ഡോകുമെന്റ്സ് പരിശോധിച്ച വിവരങ്ങൾ.

കവർ പേജ്

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഒരു വർക് ഫയലിൽ ഉണ്ടാകേണ്ടതാണ് പരിശോധിച്ച ഒറ്റ ഫയലിൽ പോലും കവർ പേജ് ഉണ്ടായിരുന്നില്ല .

ചെക്ക് ലിസ്റ്റ്

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട രേഖയാണ് ചെക്ക് ലിസ്റ്റ്. **പരിശോധിച്ച ഒറ്റ ഫയലിൽ പോലും ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നില്ല**

ആക്ഷൻപ്ലാൻ കോപ്പി

ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയി ക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ കോപ്പിഗ്രാമസഭ നിർദ്ദേ.ശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും ഇതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും . ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രവർത്തി തന്നെയാണോ നടപ്പിലാക്കിയത് എന്ന് മനസ്സിലാക്കുന്നതിനും ആക്ഷൻപ്ലാൻ കോപ്പി ഉപകരിക്കുന്നു. ഈ

സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാനിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടുള്ള എന്ന വിവരം വർക്ക് ഫയലിൽ വരേണ്ടതാണ്

- **പരിശോധിച്ച ഒറ്റ ഫയലിൽ പോലും ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നില്ല**

എസ്റ്റിമേറ്റ്

ഒരു പ്രവർത്തി എങ്ങനെ, എത്ര അളവിന് ചെയ്യണം എന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന രേഖയാണ് എസ്റ്റിമേറ്റ്. പരിശോധനക്ക് വിദേയമാക്കിയ എല്ലാ ഫയലിലും എസ്റ്റിമേറ്റ് ഉണ്ടായിരുന്നു

- സാധാരണക്കാർക്ക് മനസ്സിലാകുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അതായത് ജനകീയ എസ്റ്റിമേറ്റ് ഈ പദ്ധതിയുടെ ഫയലിൽ സൂക്ഷിക്കണമെന്ന് അനുശാസിക്കുന്നു. എന്നാൽ ഇത് ഒറ്റ ഫയലിൽ കണ്ടെത്താൻ സാധിച്ചില്ല.
- എല്ലാ ഫയലുകളിലും സെക്യൂർ നിന്നെടുത്ത എസ്റ്റിമേറ്റിന്റെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്
- എസ്റ്റിമേറ്റ്നൊപ്പം എസ്റ്റിമേറ്റ് കവർ പേജ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ഡ്രോയിങ് ആൻഡ് ഡിസൈൻ എന്നിവ ഉൾപെടുത്തേണ്ടതുണ്ട്. പരിശോധിച്ച ഫയലുകളിൽ കണ്ടെത്താൻ സാധിച്ചില്ല

സാങ്കേതിക അനുമതി

ഒരു പ്രവർത്തിക് സാങ്കേതിക ഉദ്യോഗസ്ഥരുടെ അനുമതി ലഭിച്ചു എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി

- പരിശോധിച്ച ഫയലുകളിൽ സാങ്കേതിക അനുമതി ഉണ്ടായിരുന്നു
- ഫയലുകളിൽ കൂടുതലും സെക്യൂർ നിന്നെടുത്ത കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്.
- സെക്യൂർ നിന്നെടുത്ത കോപ്പി ആയിരുന്നാലും അതിൽ സാങ്കേതിക ഉദ്യോഗസ്ഥർ ഒപ്പ് , സീൽ എന്നിവ തിയതി വച്ച് രേഖപ്പെടുത്തേണ്ടതുണ്ട്

എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് ,സീൽ, തീയതി മുതലായവ എല്ലാ ഫയലിലും ഉണ്ടായിരുന്നില്ല

ഭരണാനുമതി

ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണ സമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതി.

- ഫയലുകളിൽ കൂടുതലും സെക്യൂർ നിന്നെടുത്ത ഭരണാനുമതിയുടെ കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്.
- എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ എല്ലാ ഫയലിലും ഉണ്ടായിരുന്നില്ല

സംയോജിത പദ്ധതി

പരിശോധിച്ച പ്രവർത്തികൾ ഒന്നും സംയോജിത പ്രവര്ത്തിയല്ല .

തൊഴിലിനുള്ള അപേക്ഷ

തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതുണ്ട്. തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചോ എന്നറിയാനുള്ള രേഖ കൂടിയാണിത്

- എന്നാൽ വ്യക്തിഗത പ്രവർത്തികളുടെ ഫയലുകളിൽ ഒന്നിലും ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല..
- വെള്ളപേപ്പറിൽ ഡിമാൻഡ് എഴുതി മേറ്റ്നെ ഏൽപ്പിച് തൊഴിലുറപ്പ് ഓഫീസിൽ നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത് . ഇങ്ങനെ ലഭിക്കുന്ന അപേക്ഷ വൃത്തിയായി ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.
- ഡിമാന്റുകളിൽ അപേക്ഷ നൽകിയ തിയതി എന്ന് മുതൽഎന്ന് വരെ ഏത് പ്രവർത്തി വേണം എന്ന വിവരങ്ങൾ കൃത്യമായി

രേഖപെടുത്താത്തതിനാൽ 15 ദിവസത്തിനകം ജോലി അനുവദിച്ചോ എന്ന് വ്യക്തമല്ല.

- എന്നാൽ അപേക്ഷിച്ചിട് 15 ദിവസത്തിനകം പ്രവർത്തി ലഭിക്കുന്നില്ല എന്നു തൊഴിലാളികൾ അഭിപ്രായപ്പെട്ടു

പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം

പ്രവർത്തി നൽകി എന്നതിന്റെ രേഖയാണ് പ്രവർത്തി അനുവദിച്ചു കൊണ്ടുള്ള ഫോം.

- പരിശോധിച്ച ഫയലുകളിൽ ഒന്നിനും പ്രവർത്തി അനുവദിച്ചു കൊണ്ടുള്ള ഫോം ഉണ്ടായിരുന്നില്ല.

ഇ മസ്റ്റർ റോൾ

തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന തീയതി, ദിവസം ഉൾപ്പെടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് ഇ മസ്റ്റർ റോൾ. പരിശോധിച്ച 13 ഫയലുകളിലും മസ്റ്റർറോൾ ഉണ്ടായിരുന്നു . ഇതിൽ തൊഴിലാളികൾ ഒപ്പുകൾ, അവരുടെ തൊഴിൽ ദിനങ്ങൾ, കൂലി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

- ഇതിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തേണ്ടതാണ്. എന്നാൽ പരിശോധിച്ച ഫയലുകളുടെ ഇമസ്റ്റർ റോളുകളിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തിയിട്ടുണ്ടെകിലും തീയതി രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചില്ല .
- മെസുരേമെന്റ് ബുക്കിന്റെ നമ്പർ എല്ലാ മസ്റ്റർ റോളിലും ഉണ്ടായിരുന്നില്ല്ല.

- ഭവന നിർമാണ പ്രവർത്തികളിൽ മസ്റ്റർ റോളുകളിൾ ഒപ്പിടാതെ വേതനം നല്കിയിട്ടുള്ളതായി കണ്ടു. മസ്റ്റർ റോൾ - 1427 . ഒപ്പു രേഖപെടുത്താത്തതിൽ വേതനം നൽകാൻ പാടില്ലാത്തതാണ്

മെഷർമെന്റ് ബുക്ക്

പ്രവർത്തി തുടങ്ങുന്നതിന് മുമ്പും ശേഷവും അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് മെഷർമെന്റ് ബുക്ക്. പരിശോധിച്ച എല്ലാഫയലുകളിലും മെഷർമെൻറ് ബുക്ക് ഉണ്ടായിരുന്നു

- ചില പേജുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് മാത്രമോ ചില സ്ഥലങ്ങളിൽ ഒപ്പും സീലും എന്നിവ മാത്രം കാണാൻ സാധിച്ചു. എന്നാൽ തീയതി മിക്ക സ്ഥലങ്ങളിലും രേഖപ്പെടുത്തിയിരുന്നില്ല .തീയതി രേഖപ്പെടുത്തിയാൽ മാത്രമേ ആര് എപ്പോൾ അളവുകൾ രേഖപ്പെടുത്തിയെന്നും ,ആര്, എപ്പോൾ അത് ക്രോസ്സ് ചെക്ക് ചെയ്തു എന്നും മനസിലാക്കാൻ സാധിക്കുകയുള്ളു.കാലതാമസം സംബന്ധിച്ച ആക്ഷേപം ഉണ്ടായാൽ തീയതി അത്യാവശ്യമാണ്
- മെഷര്മെന്റ് ബുക്ക് എല്ലാം പൂർത്തീകരിച്ചിട്ടില്ലാത്തതായി കണ്ടു
- ഭവന നിർമാണത്തിന്റെ മെഷര്മെന്റ് ബുക്കുകളിൽ ഒന്നും തന്നെ എഴുതിയിട്ടില്ല. മാത്രമായി മെഷര്മെന്റ് ബുക്ക് വച്ചിരിക്കുന്നു.
- മെഷര്മെന്റ് ബുക്ക് സെക്രട്ടറി പരിശോധിച്ചു സെർട്ടിഫൈ ചെയേണ്ടതുണ്ട്. പല മെഷര്മെന്റ് ബുക്കിലും ബില് എഴുതി പൂർത്തിയാക്കിയിട്ടില്ല എന്നിരുന്നാലും പണം അനുവദിച്ചിട്ടുണ്ട് . ഇതിൽ ഉദ്യോഗസ്ഥർ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്

മെറ്റീരിയൽ ബിൽ വൗച്ചർ

മെറ്റീരിയൽ ഉപയോഗിച്ചിട്ടുള്ള പ്രവർത്തികളിൽ അവയിൽ ഉപയോഗിച്ച സാധന സാമഗ്രികളുടെ ബില്ലുകളും വൗച്ചറുകളും ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

- ഓഡിറ്റിന് വിധെയമാക്കിയ പ്രവർത്തികളിലൊന്നിലും മെറ്റീരിയൽസ് ഉപയോഗിച്ചിട്ടില്ല

വേജ് ലിസ്റ്റ്

തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു എന്നതിന് അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ട തുക അതായത് വേതനം, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ച കൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാം കാണിച്ചു കൊണ്ട് പണം കൈമാറുന്നതിന് വേണ്ടി തയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വേജ് ലിസ്റ്റ്.

- പൊതു പ്രവൃത്തികളിൽ ഒന്നിലും വെജ് ലിസ്റ്റ് ഉണ്ടായിരുന്നില്ല

ഫണ്ട് ട്രാൻസ്ഫർ ഓർഡർ

വേജ് ലിസ്റ്റ് പ്രകാരം തൊഴിലാളികൾക്ക് വേതനം നൽകിയതിനുള്ള രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ. പ്രവർത്തിയിൽ ചിലവായ മുഴുവൻ തുകയും ആർക്ക്, എപ്പോൾ നൽകി എന്നുള്ളതിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡർ എല്ലാ ഫയലിലും നിർബന്ധമായും കാണേണ്ടതാണ് .

- ഫയലിൽ ഉണ്ടായിരുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡർ മസ്റ്റർ റോളിന് അനുപാതികം ആയിരുന്നില്ല.

പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുവാൻ ഉപകരിക്കുന്ന ഒരു രേഖയാണ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് അഥവാ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം .

- പരിശോധിച്ച ഒറ്റ ഫയലിൽ പോലും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നില്ല്ല.

മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തിലും , മാസ്റ്റർറോൾ അനുവദിച്ചത് മുതൽ വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തിയ്യതികളിലാണ് നടന്നത് എന്ന് മനസിലാക്കാനുള്ള രേഖയാണ് മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്.

- മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പിൽ കൃത്യമായി ഒപ്പിനൊപ്പം തിയതി രേഖപ്പെടുത്തേണ്ടതുണ്ട് എന്നാൽ ചില ഫയലുകയിൽ ഉണ്ടായിരുന്നില്ല
- എല്ലാ ഫയലിലെയും മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ് കൃത്യമായി പൂരിപ്പിച്ചിട്ടില്ല

ഫോട്ടോഗ്രാഫ്

പ്രവർത്തി തുടങ്ങുന്നതിന് മുമ്പ് പ്രവർത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു .

- പരിശോധിച്ച 1 ഫയലുകൾ ഒഴിചു എല്ലാ ഫയലുകളിലും ഫോട്ടോകൾ സൂക്ഷിച്ചിരുന്നു.

റോയൽറ്റി

ബാധകമല്ല

ജിയോ ടാഗ്ഗ് ഫോട്ടോസ്

പ്രവർത്തി സ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോ ടാഗ്ഗ് ഫോട്ടോസ്. എന്നാൽ ഇവ ഈ ഫയലിൽ കണ്ടെത്തിയില്ല.

സൈറ്റ് ഡയറി

പ്രവർത്തി സ്ഥലത്തെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നതിനുള്ള ആധികാരിക രേഖയാണ് സൈറ്റ് ഡയറി.

- പരിശോധിച്ച ഒരു ഒരു വ്യക്തിഗത പ്രവർത്തിക്കും സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല.
- ചെക്ക് ലിസ്റ്റ്, പ്രൊജക്റ്റ് മീറ്റിംഗ് മിനിറ്റീസ്,വാടക , സന്ദർശകകുറിപ്പുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്
- വിജിലെൻസ് മോണിറ്ററിങ് കമ്മിറ്റീ അംഗങ്ങൾ കൃത്യമായി പ്രവർത്തിയിടം സന്ദര്ശിക്കുന്നില്ല

<u>രജിസ്റ്ററുകളുടെ പരിശോധന</u>

1.അലോക്കേഷൻ ഓഫ് വർക്ക്,പേയ്മെന്റ് ഓഫ് വേജസ് ആൻഡ് ഡിമാൻഡ് ഫോർ വർക്ക്

- രജിസ്റ്റർ സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടില്ല
- വാർഡ് തിരിച്ചുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.
- രെജിസ്റ്ററിൽ നിന്നും ഡിമാൻഡ് നൽകിയതിന് ശേഷം 15 ദിവസത്തിനകം തൊഴിൽ അനുവദിച്ചിട്ടില്ല എന്ന് അറിയാൻ സാധിച്ചു.
- 2018-2019 ,2019-2020 എന്നീ സാമ്പത്തിക വർഷത്തിലെ വിവരങ്ങൾ ഉണ്ട്.

2. മെറ്റിരിയൽ രജിസ്റ്റർ

- രജിസ്റ്റർ സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടില്ല
- 2016 - 2017 ,2017 -2018 സാമ്പത്തിക വർഷത്തിലെ മാത്രം വിവരങ്ങളാണ് രെജിസ്റ്ററിൽ ഉണ്ടായിരുന്നത്

3. വർക്ക് രജിസ്റ്റർ

- രജിസ്റ്റർ സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടില്ല
- 2016 മുതൽ 2018 വരെയുള്ള പ്രവർത്തികളുടെ കോപ്പി രെജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ട്.

4. തൊഴിൽ കാർഡ് വിതരണ രജിസ്റ്റർ

- രജിസ്റ്റർ സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടില്ല
- 2014 മുതൽ 2019 വരെയുള്ള തൊഴിൽ കാർഡ് വിതരണം നടത്തിയ വിവരങ്ങൾ രെജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ട്.

5. പരാതി രജിസ്റ്റർ

- രജിസ്റ്റർ സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടില്ല
- പരാതികളൊന്നും ഫയലിൽ കാണാൻ കഴിഞ്ഞില്ല

6. ഗ്രാമസഭ രജിസ്റ്റർ

- രജിസ്റ്റർ സർട്ടിഫൈ ചെയ്തിട്ടില്ല
- 2018 ലെ ഗ്രാമസഭ മിനിട്സും , 2019 ലെ മേറ്റ്മാരുടെ പരിശീലന പരിപാടി സംബന്ധിച്ച വിവരങ്ങളുമാണ് രെജിസ്റ്ററിൽ ഉള്ളത്.

7.ഫിക്സഡ് അസറ്റ് രജിസ്റ്റർ

- രജിസ്റ്റർ കാണാൻ സാധിച്ചില്ല. നിർബന്ധമായും രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്

വർക്കുകളുമായി ബന്ധപെട്ട നിരീക്ഷണങ്ങൾ

1.ഭവന നിർമാണം

നമ്പർ	ഗുണഭോക്താവിന്റ പേര്	വർക്ക് കോഡ്	തൊഴിൽ കാർഡ് നം	ആരംഭിച്ച തീയതി	അവസാനിച്ച തീയതി	എസ്റ്റിമേറ്റ് തുക
1	ഓമന കുട്ടപ്പൻ	1608004006/IF/381893	KL-08-004-006-011/146	16/1/2019	Completed	24390
2	അമ്മു മണി	1608004006/IF/372084	KL-08-004-006-011/229	16/1/2019	ON GOING	24390
3	സിബിൾ എസ്	1608004006/IF/381892	KL-08-004-006-011/238	29/4/2019	ON GOING	24390
4	സജി ജോസഫ്	1608004006/IF/381891	KL-08-004-006-011/237	16/1/2019	ON GOING	24390
5	മറിയക്കുട്ടിമത്തായി	1608004006/IF/373212	KL-08-004-006-011/60	16/1/2019	8/8/2019	24390

- ഓഡിറ്റിനു വിധെയമാക്കിയതിൽ ഒരു ഗുണഭോകതാവിന്റെ ഭവനാം മാത്രമേ പണി പൂർത്തീകരിചു താമസം തുടങ്ങിയിട്ടുള്ളു .
- ഭവന നിർമാണത്തിന് അനുസൃതമായി മസ്റ്റർ റോൾ നൽകുന്നില്ല ,ഭവന നിർമാണം പൂർത്തിയായി താമസിച്ചതിന് ശേഷവും അമ്മു മണിക് 90 ദിവസത്തെ പണി മുഴുവൻ ലഭിച്ചിട്ടില്ല .
- പാസ്ബുക്ക് കൃത്യമായി പതിപ്പിക്കാത്തതിനാൽ ഗുണഭോക്താക്കൾക് വേതനം മുഴുവൻ കൃത്യമായി ലഭിച്ചോ എന്ന അറിവ് ഇല്ല .
- ഭവന നിർമാണത്തിന്റെ ഓരോ ഘട്ടത്തിലും ഫോട്ടോ എടുത്ത് പഞ്ചായത്തിൽ നൽകുന്നതിൽ 300 രൂപ അടുത്ത ആകുന്നുണ്ട്.
- പഞ്ചായത്തിൽ വന്നാണ് മസ്റ്റർ റോൾ ഒപ്പിടുന്നത്

2.കനാൽ പാലം മുതൽ കയ്യാണി വരെ കനാൽ പുനരുദ്ധാരണം

നമ്പർ	വർക്ക്	വർക്ക് കോഡ്	ആരംഭിച്ച തീയതി	അവസാനിച്ച തീയതി	എസ്റ്റിമേറ്റ് തുക	ചിലവാക്കിയ തുക
1	Ward 11 കനാൽ പാലം മുതൽ കയ്യാണി വരെ കനാൽ പുനരുദ്ധാരണം (ആദ്യ 500 മീ)	1608004006/IC/317920	28/11/2018	18/12/2018	90000	85254
2	Ward 11 കനാൽ പാലം മുതൽ കയ്യാണി വരെ കനാൽ പുനരുദ്ധാരണം (500 മീ. മുതൽ 1000 മീ. വരെ)	1608004006/IC/317921	24/10/2018	2/11/2018	90000	• പ്രവർത്തിയുടെ മെഷർമെന്റ് ബുക്കിൽ ബില്ല് പൂർത്തീകരിക്കാത്തതിനാൽ പ്രവർത്തിക് എത്ര പണം ചിലവായി എന്നതിൽ വ്യക്തതയില്ല

3	Ward 11 കനാൽ പാലം മുതൽ കയ്യാണി വരെ കനാൽ പുനരുദ്ധാരണം (1000 മീ. മുതൽ 1500 മീ. വരെ)	1608004006/IC/317922	24/10/2018	12/11/2018	90000	85008
4	Ward 11 കനാൽ പാലം മുതൽ കയ്യാണി വരെ കനാൽ പുനരുദ്ധാരണം (1500 മീ. മുതൽ 2000 മീ. വരെ)	1608004006/IC/317923	28/11/2018	17/12/2018	90000	84456

- കനാല് പുനരുദ്ധാരണ പ്രവൃത്തികൾ വളരെ ഉപകാര പ്രധമാണ്

- പണി പൂർത്തിയാക്കി മാസങ്ങൾ കഴിഞ്ഞതിനാൽ ഓഡിറ്റ് സമയത് കനാലിനു സമീപത്തു പലയിടങ്ങളിലും ഒരാൾ പൊക്കത്തിൽ വരെ കാടു വളർന്നിരുന്നു.

- കനാലിൽ വെള്ളമുള്ളതിനാൽ ചെളി കോരി കളഞ്ഞത് എത്രയളവിലാണ് എന്നുള്ളത് അളന്നെടുക്കാൻ ഓഡിറ്റ് ടീമിന് സാധിച്ചില്ല.
- സമീപവാസികളോട് സംസാരിച്ചതിന് നിന്നും തൊഴിലാളികൾ വളരെ നന്നായി പണി ചെയ്തിട്ടുണ്ടായിരുന്നു എന്ന് അറിയാൻ സാധിച്ചു.
- പ്രവർത്തി സമയത് തൊഴിലാളികൾക്കു കയ്യുറ,കാലുറ, എന്നിവ നൽകിയിട്ടില്ല.
- കനാലിന്റെ പ്രവർത്തികൾ അപകട സാധ്യതകൾ ഉള്ളതാണ് കൃത്യമായ മുൻ കരുതലുകൾ സ്വീകരിക്കാതെയാണ് പല പ്രായത്തിലുള്ളവൻ ഈ പ്രവർത്തി ചെയ്യുന്നത്.കനാലിന്റെ വിവിധയിടങ്ങളിൽ ആഴം കൂടിയതായി സ്ഥലമുണ്ട് ഇത്തരം സ്ഥലങ്ങളയിൽ വളരെ പണിപ്പെട്ടാണ് തൊഴിലാളികൾ പണിയെടുക്കുന്നത്.

- എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവിനേക്കാൾ കൂടുതൽ തൊഴിലാളികൾ ചെയ്യുന്നുണ്ട് . കനാലിനു ആഴം കൂടുതൽഉള്ള സ്ഥലങ്ങളിൽ വടം ഉപയോഗിച്ച കെട്ടി ഇറങ്ങിയാണ് തൊഴിലാളികൾ പണിഎടുക്കുന്നത്. ഇത് വളരെ അപകടം നിറഞ്ഞതാണ്.

- പ്രവർത്തി ആരംഭിക്കുമ്പോൾ വക്കേണ്ടതായ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി കഴിഞ്ഞു മാസങ്ങൾക് ശേഷവും വച്ചിട്ടില്ല.

3.പ്രളയവുമായി ബന്ധപ്പെട്ട് ചൂത്തോട് വാർഡിലെ തോടുകൾ മണ്ണ് നീക്കം ചെയ്ത് നവീകരണം

നമ്പർ	വർക്ക്	വർക്ക് കോഡ്	ആരംഭിച്ച തീയ	അവസാനിച്ച തീയതി	എസ്റ്റിമേറ്റ് തുക	ചിലവാക്കിയ തുക

			തി			
1	Ward 11 പ്രളയവുമായി ബന്ധപ്പെട്ട് ചൂത്തോട് വാർഡിലെ തോടുകൾ മണ്ണ് നീക്കം ചെയ്ത് നവീകരണം 1	1608004006/IC/322339	6/2/2019	14/2/2019	70000	64584
2	Ward 11 പ്രളയവുമായി ബന്ധപ്പെട്ട് ചൂത്തോട് വാർഡിലെ തോടുകൾ മണ്ണ് നീക്കം ചെയ്ത് നവീകരണം 2	1608004006/IC/322340	28/2/2019	7/3/2019	70000	• പ്രവർത്തിയുടെ മെഷർമെന്റ് ബുക്കിൽ ബില്ല് പൂർത്തീകരിക്കാത്തതിനാൽ പ്രവർത്തിക് എത്ര പണം ചിലവായി എന്നതിൽ വ്യക്തതയില്ല

- പണി പൂർത്തിയാക്കി മാസങ്ങൾ കഴിഞ്ഞതിനാലും, മഴ മൂലം തോട് നിറഞ്ഞുവെള്ളം ഉള്ളതിനാലും തോട് നവീകരണ പ്രവർത്തിയിൽ എത്ര തോതിൽ ചെളി കോരി കളഞ്ഞു എന്നത് വ്യക്തമല്ല.
- തോടിനു സമീപം കാടു വളർന്നിരുന്നു.
- സമീപവാസികളോട് സംസാരിച്ചതിന് നിന്നും തൊഴിലാളികൾ വളരെ നന്നായി പണി ചെയ്തിട്ടുണ്ടായിരുന്നു എന്ന് അറിയാൻ സാധിച്ചു.
- ഈ പ്രവർത്തിയിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾക്ക് ബൂട്ട് ,കയ്യുറ എന്നിവ ലഭിച്ചിട്ടില്ല .

- പ്രവർത്തികൾക് രണ്ടിനും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് വച്ചിട്ടില്ല.
- പ്രവർത്തിയുടെ മെഷര്മെന്റ് ബുക്കിൽ ബില്ല് പൂർത്തീകരിക്കാത്തതിനാൽ പ്രവർത്തിക് എത്ര പണം ചിലവായി എന്നതിൽ വ്യക്തതയില്ല

നിർദേശങ്ങൾ

ബി.ഡി.ഓ.

- മസ്റ്റർ റോളിൽ ഒപ്പു, സീൽ എന്നിവ പതിപ്പിക്കുന്നതിനോടൊപ്പം തിയതി കൂടെ ഇടുവാൻ ശ്രദ്ധിക്കേണ്ടതാണ്
- ഡി.ഇ.ഓ, അക്കൗണ്ടന്റ് , ഓവർസീർ അക്രെഡിക്കൂഡ് എൻജിനീയർ ,മേറ്റ്മാർ എന്നിവർക്കു കൃത്യമായ ട്രെയിനിങ്ങുകൾ കൊടുക്കാൻ ശ്രദ്ധകേണ്ടതാണ്
- പ്രവർത്തി സ്ഥലങ്ങൾ സന്ദർശിക്കുന്നതു ഗുണകരമായിരിക്കും

സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി

- മസ്റ്റർ റോളിൽ ഒപ്പു, സീൽ എന്നിവ പതിപ്പിക്കുന്നതിനോടൊപ്പം തിയതി കൂടെ ഇടുവാൻ ശ്രദ്ധിക്കേണ്ടതാണ്
- 7 രെജിസ്റ്ററുകളും മെഷര്മെന്റ് ബുക്കും സാക്ഷ്യപെടുത്തി ആധികാരിത ഉറപ്പ് വരുത്തുക.
- തൊഴിലാളികളുടെ അവകാശങ്ങൾ . അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പു വരുത്തുക. ചികിത്സ ചിലവുകൾ കൃത്യമായി അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുക
- വിജിലെൻസ് മോണിറ്ററിങ് കമ്മിറ്റിയെ ശക്തിപ്പെടുത്തുക

നിർവഹണ ഉദ്യോഗസ്ഥർ(അക്കൗണ്ടന്റ്, ഡിഇഓ, അക്രെഡിറ്റഡ് എഞ്ചിനീയർ , ഓവർസിയർ

- വർക്ക് ഫയലുകൾ ആനുവൽ മാസ്റ്റർ സർക്യൂലർ പ്രകാരം 22 ഡോക്യൂമെന്റസ് ഉണ്ടെന്ന ഉറപ്പു വരുത്തി ഫയലുകൾ തയ്യാറാക്കുക.
- തൊഴിൽ കാർഡ് കൃത്യമായി എഴുതി സൂക്ഷിക്കാനും, മസ്റ്റർറോളുകള് വെട്ടിത്തിരുത്തലുകൾ കൂടാതെ സൂക്ഷിക്കാനുമുള്ള നിർദേശങ്ങൾ നൽകണം
- പ്രവർത്തിയുടെ ആവശ്യകതയും ഉപയോഗവും കൃത്യമായി പ്രൊജക്റ്റ് മീറ്റിംഗിൽ തൊഴിലാളികൾക് പറഞ്ഞുകൊടുക്കുക.കൃത്യമായി തൊഴിലിടം സന്ദർശിക്കുക
- ഡിമാൻഡ് അനുസരിച്ചു തോഴിൽ നൽകുക.

മേറ്റ്

- കൃത്യമായി ഒപ്പിട്ട മസ്റ്റർ റോൾ സൂക്ഷിക്കുക.
- ഹാജർ. അബ്സെന്റ എന്നിവ അപ്പപ്പോൾ തന്നെ എഴുതുക
- മാസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഇല്ലായെന്ന് ഉറപ്പാക്കുക.
- തൊഴിൽ ദിനങ്ങളുടെ തിയതി അടയാളപ്പെടുത്തുക
- ഓരോ പ്രവർത്തി കഴിയുമ്പോഴും മാസ്റ്റർറോൾ സൈറ്റ് ഡയറി എന്നിവ സൈറ്റ് ഡയറി പൂർണമായും പൂരിപ്പിക്കുക, അപകടങ്ങൾ ഉണ്ടായാൽ സൈറ്റ് ഡയറിയിൽ എഴുതുകയും നിർവഹണ ഉദ്യോഗസ്ഥരെ അറിയിക്കുകയും ചെയ്യുക.
- കൃത്യ അളവിലും നിലവാരത്തിലും ജോലി ചെയ്യുന്നുണ്ടെന് ഉറപ്പു വരുത്തുക
- തൊഴിൽ കാർഡ് കൃത്യമായി പൂരിപ്പിക്കുക

പ്രധാന നിരീക്ഷണങ്ങൾ

- ഫയലുകളിൽ ഉണ്ടാകേണ്ട 22 രേഖകൾ എല്ലാം ഓഡിറ്റിന് വിധെയമാക്കിയ ഫയലുകളിൽ കാണാൻ കഴിഞ്ഞില്ല. ഉദ്യോഗസ്ഥർ ഇതിൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്
- വിജിലെൻസ് മോണിറ്ററിങ് കമ്മിറ്റി വാർഡിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. കമ്മിറ്റി അംഗങ്ങൾ ആരാണ് എന്ന് തൊഴിലാളികൾക്കു അറിവില്ല. വാർഡ് തലത്തിൽ വാർഡ് മെമ്പറുടെ മുൻകൈയിൽ വിഎംസി രൂപികരിക്കുകയും കൃത്യമായി പ്രവർത്തനങ്ങൾ ചെയ്യ്യേണ്ടതുമുണ്ട്..
- ഡിമാൻഡ് കൊടുത്തതിനു ശേഷം 15 ദിവസത്തിനകം തൊഴിൽ അനുവദിക്കുന്നില്ല .
- തൊഴിലിടങ്ങളിൽ ഒന്നിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് വച്ചിട്ടില്ല. തൊഴിൽ തുടങ്ങുമ്പോൾ വെക്കേണ്ട ബോർഡ് പ്രവർത്തി ചെയ്ത് മാസങ്ങൾക് ശേഷവും വച്ചിട്ടില്ല.
- പ്രവർത്തിയിടങ്ങളിൽ തൊഴിലാളികൾക്കു വേണ്ടുന്ന ബൂട്ട് , കയ്യുറ , മരുന്നുകൾ എന്നിവ ലഭിക്കുന്നില്ല സ്വന്തം കൈയിൽ നിന്നും പിരിച്ചാണ് തൊഴിലാളികൾ ഇവ വാങ്ങുന്നത്. ഇതിനു കൃത്യമായ നടപടി പഞ്ചായത്ത് തലത്തിൽ സ്വീകരിക്കുന്നതിൽ ശ്രദ്ധ ചെലുത്തണം
- തൊഴിലാളിക്ക് ആർക്കും തന്നെ 2018-2019 സാമ്പത്തിക വർഷത്തിൽ 100 ദിവസം പണി ലഭിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 150 തൊഴിൽ ദിനങ്ങൾ അനുവദിച്ചിരുന്നു.കുറച്ചു വര്ഷങ്ങളായി ആർക്കും തന്നെ 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടില്ല.
- വേതനം വളരെ താമസിച്ചാണ് ലഭ്യമാകുന്നത്. ആയത് തൊഴിലാളികൾ കുറയാൻ കാരണമാകുന്നുണ്ട്.

- ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ആവർത്തന വിരസത കാണുന്നു. കൂടുതൽ ഉപയോഗ്യ പ്രദമായ പ്രവർത്തികൾ ഏറ്റെടുക്കേണ്ടതുണ്ട്. പൊതുവായി ചർച്ചകൾ നടത്തി പ്രവർത്തികൾ കണ്ടു പിടിക്കണം.
- പൊതു ജനങ്ങളുടെ പങ്കാളിത്തം തൊഴിലുറപ്പ് പദ്ധതിയുടെ വിജയത്തിന് അനിവാര്യമാണ് .വാർഡിലെ പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ഗ്രാമസഭകളിൽയുടെയും അയൽക്കൂട്ടംതല ചർച്ചകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ കണ്ടെത്തുകയും അവയുടെ ഗുണമേന്മ യും ഉറപ്പു വരുത്തേണ്ടതാണ്.

നന്ദി

വേങ്ങൂർ ഗ്രാമ പഞ്ചായത്തിലെ 2018-19 സാമ്പത്തീക വർഷത്തിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപെട്ട പഞ്ചായത്ത് പ്രസിഡന്റ് , സെകട്ടറി അസിസ്റ്റന്റ് സെകട്ടറി, ഭരണസമിതി അംഗങ്ങൾ,വാർഡ് മെമ്പർ , തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ , ഫീൽഡു തല പ്രവർത്തനങ്ങൾക് സഹായിച്ച മേറ്റ്മാർ തൊഴിലാളികൾ ,പൊതുജനങ്ങൾ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപെടുത്തുന്നു

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനിറ്റീസ് വാർഡ് 11

വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിലെ ഗ്രാമസഭ 31/9/2019 ഉച്ചക്ക് 2.15 ഓടെ ഈശ്വര പ്രാർത്ഥനയിൽ ആരംഭിച്ചു. തൊഴിലാളികളിൽ നിന്നും ഏറ്റവും പണി കൂടുതൽ എടുത്ത ഓമന കുട്ടപ്പനെ അധ്യക്ഷയായി തിരഞ്ഞെടുത്തു.

യോഗത്തിന് വാർഡ് മെമ്പർ സ്വാഗതം ആശംസിച്ചു. തുടർന് പഞ്ചായത്ത് പ്രസിഡന്റ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയെ കുറിച്ചും, ഇപ്പോഴത്തെ തൊഴിലുറപ്പിലെ പോരായ്മകളെകുറിച്ചും സംസാരിച്ചു. Drp ജൂലി സോഷ്യൽ ഓഡിറ്റ് പ്രാദാന്യത്തെ കുറിച് സംസാരിച്ചു. തുടർന് brp മരിയ റിപ്പോർട്ട് അവതരിപ്പിച്ചു.

തുടർന് അവകാശങ്ങളെ കുറിച് drp ജൂലി സംസാരിച്ചു ചർച്ച നടന്നു.

*** 15 ദിവസത്തിനകം തൊഴിൽ ലഭികുന്നാന്നില്ലെന്ന പരാതിയിൽ ഇനി മുതൽ കൈപറ്റി രസീത് വാങ്ങുന്നത് ഉറപ്പാക്കും എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു**

*** ശരാശരി 75 ദിവസം മാത്രമേ പണി ലഭിക്കുന്നുള്ളൂ എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു . കൂടുതൽ പണി വേണമെന്നാവർ ആവശ്യപ്പെട്ടു**

***കയ്യുറ, ബൂട്ട് എന്നിവ വാങ്ങാൻ കമ്മിറ്റീ തീരുമാനികമെൻ തീരുമാനിച്ചു**

***vmc കമ്മിറ്റീ പുനർ പരിശോദിക്കാൻ തീരുമാനമായി**

***ഫാസ്റ്റ് എയ്ഡ് ബോക്സിലേക് വേണ്ടുന്ന മരുന്നുകളും മറ്റും phc നിന്നും വാങ്ങാൻ കത്തു കൊടുത്തിട്ടുണ്ട് എന്ന് oversear അറിയിച്ചു.**

***തൊഴിലുറപ് സമയം കുറയ്ക്കണമെന്ന അഭിപ്രായം തൊഴിലാളികൾ മുന്നോട്ട് വച്ചു**

***കനാല് പണികൾ നടക്കുമ്പോൾ അതാത് സമയത്ത് കൃത്യമായി പരിശോധനകൾ നടക്കുന്നില്ല എന്ന് തൊഴിലാളികൾ ആരോപിച്ചു, എസ്റ്റിമേറ്റ്നു ഉപരിയായി പണി എടുക്കേണ്ടി വരുന്നു എന്ന് തൊഴിലാളികൾ പറഞ്ഞു . തൊഴിലാളികൾ പണി ചെയ്യില്ല എന്നൊരു ആരോപണം oversear ഉന്നയിച്ചു.എന്നാൽ അവര് കനാലിൽ പണി ചെയ്യപ്പോൾ കൃത്യമായി വന്നു നോക്കിയിട്ടില്ല എന്നാണ്**

തൊഴിലാളികൾ പറഞ്ഞത്. Vmc എത്രയും പെട്ടന്നു തിരഞ്ഞെടുക്കണമെന്നും തൊഴിലാളികൾ ആവശ്യപ്പെട്ടു

***ആയുധങ്ങൾ കാച്ചിക്കൻ ഒരുപാടു പണം. ആകുന്നുണ്ട് എന്ന് തൊഴിലാളികൾ പറഞ്ഞു. എന്നാൽ ഇതിനു വേണ്ടി 5 rs ദിവസവും നൽകുന്നതെന്നു ഓവർസിയർ**
പറഞ്ഞു കൊടുത്തു.

4.15 ഓടെ തൊഴിലാളിയായ ശാന്ത നന്ദി പറഞ്ഞു. Brp ജസ്റ്റിൻ മിനിറ്റീസ് രേഖപ്പെടുത്തി, തൊഴിലാളികളുടെ സംശയങ്ങൾക്കു മറുപടി നൽകി. റിപ്പോർട്ട് കയ്യടിച്ചു പാസ്സാക്കി യോഗം അവസാനിപ്പിച്ചു.65 പേര് ഗ്രാമസഭയിൽ പങ്കെടുത്തു.